7514

നൂലാമാലകളിൽ കടിച്ചുതൂങ്ങിയാണ് അത് നടത്തിയത്. അതുകൊണ്ട് ഈ മാതിരി പ്രവർത്തനങ്ങൾ നടക്കുമ്പോൾ പ്രത്യേകമായി, അടിയന്തിര സ്വഭാവത്തോടുകൂടി പാഴ്ചെലവില്ലാതെ ന്യായമായ തരത്തിൽ വിനിയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ പാഴ് ചെലവുകളും, ഈ ധൂർത്തും അവസാനിപ്പിച്ചുകൊണ്ട് കൃത്യമായി സത്യസന്ധമായി വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ സംവിധാനം ഉണ്ടാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട കണാരൻ തെറ്റിദ്ധാരണകൊണ്ട് സംസാരിച്ചതാണെന്നാണ് ഞാൻ കണക്കാക്കുന്നത്. ഏറ്റവും കൂടുതൽ തുക ലഭിച്ചിട്ടുള്ളത് പി. ഡബ്ല്യു. ഡി. ക്കാണ്. പി. ഡബ്ല്യു. ഡി. യിൽ ഉൾപ്പെട്ട റോഡിൽ സ്റ്റേറ്റ് ഹൈവേയ്സും ഡിസ്ട്രിക്ട് റോഡുകളും മാത്രമേ എടുക്കാവൂ എന്നുള്ള നിബന്ധനയുണ്ട്. അങ്ങനെയുള്ള റോഡുകൾ നിയോജകമണ്ഡലം നോക്കി അനുവദിക്കാൻ നിവൃത്തിയില്ല. ഇങ്ങനെയുള്ള പ്രധാനപ്പെട്ട റോഡുകൾക്കാണ് ഈ തുക മാറിവച്ചിട്ടുള്ളത്. മറ്റ് പല വർക്കുകളെ സംബന്ധിച്ചിടത്തോളവും എം. എൽ. എ. മാരുടെ നിർദ്ദേശം പ്രത്യേകിച്ച് ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസം കൂടാതെ എടുത്തിട്ടുണ്ട്. ഇന്നലെ ഒരു എം. എൽ. എ. പറഞ്ഞു നാല് റോഡുകൾ പറഞ്ഞിട്ട് രണ്ട് എണ്ണമേ എടുത്തിട്ടുള്ളൂ എന്ന്. അങ്ങനെ എഴുതിത്തരുന്ന മുഴുവൻ റോഡുകളും എടുക്കാനുള്ള തുക ഇത്തവണ ഇല്ല എന്ന് എല്ലാവർക്കുമറിയാം.

മറ്റ് കാര്യങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞു. സ്കൂൾ കെട്ടിടത്തിന്റെ ഷെഡിന്റെ മേൽക്കൂര ഉണ്ടാക്കാൻ സിൽക്കിനെയാണ് ഏർപ്പാട് ചെയ്തിട്ടുള്ളത്. സിൽക്ക് ഒരു പൊതുമേഖലാ സ്ഥാപനമാണ്. പൊതുമേഖലാ സ്ഥാപനമായ സിൽക്കിനെ ഏർപ്പാട് ചെയ്താൽ എന്തു കമ്മിഷനാണ് കിട്ടുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഏറ്റവുംവേഗം ചെയ്തു തീർക്കാൻ വേണ്ടി മാത്രമാണ് സിൽക്കിനെ ഏർപ്പാട് ചെയ്തിട്ടുള്ളത്.

ശമ്പളം കൊടുത്ത കാര്യം പറഞ്ഞു. അതിൽ തെറ്റിദ്ധാരണയുണ്ടായിട്ടുണ്ട്. സ്പെഷ്യൽ ന്യൂട്രീഷനുവേണ്ടി 30 ലക്ഷം രൂപ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന് കൊടുത്തത് ശമ്പളം കൊടുക്കുന്നതിനായി എടുക്കാൻ അനുവാദം ചോദിച്ചപ്പോൾ അത് ശമ്പളം കൊടുക്കാൻ വേണ്ടി ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്പെഷ്യൽ ന്യൂട്രീഷനുവേണ്ടിയല്ല ആ തുക വിനിയോഗിച്ചിട്ടുള്ളത് എങ്കിൽ ആ തുക സറണ്ടർ ചെയ്യുകയേയുള്ളൂ. ശമ്പളം അവർക്കു വേറെ ഹെഡ്ഡിൽ നിന്ന് കിട്ടും. ഈ ഹെഡ്ഡിൽനിന്നും പോകുകയില്ല. ഒരു കാരണവശാലും ഇത് മാറ്റി ഉപയോഗിക്കാൻ പാടില്ല എന്നുള്ള നിർദ്ദേശം കർശനമാക്കിയിട്ടുണ്ട്.

(8) സുദേവൻ എന്ന ചെറുപ്പക്കാരന്റെ കൊലയും അതു സംബന്ധിച്ച അന്വേഷണവും

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ കിളിമാനൂരിൽ 'സുദേവൻ' എന്ന ഒരു ചെറുപ്പക്കാരൻ 1985 ഒക്ടോബർ മാസം 21-ാം തീയതി കൊല്ലപ്പെടുകയുണ്ടായി. സുദേവൻ മരണപ്പെട്ടതിനു ശേഷം ചില ആളുകൾ പോലീസിൽ റിപ്പോർട്ടു ചെയ്തത് ഹരിജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ രണ്ടുപേർ കൊലപാതകികളാണെന്ന് പറഞ്ഞുകൊണ്ടാണ്. അതിന്റെ അടിസ്ഥാനത്തിൽ പോലീസുകാർ രണ്ട് പാവപ്പെട്ട ചെറുപ്പക്കാരെ ലോക്കപ്പിൽവച്ച് മാസങ്ങളോളം വളരെ ക്രൂരമായി മർദ്ദിക്കുകയുണ്ടായി. ഇന്ന് അവർ രണ്ടുപേരും ആശുപത്രിയിലാണ്. പോലീസിൽ റിപ്പോർട്ട് ചെയ്ത ആളുകളെ സംബന്ധിച്ചിടത്തോളം പോലീസ് അന്വേഷിക്കുകയോ യാതൊരു നടപടിയും സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 112-ാം ദിവസമാണ് ലോക്കൽ പോലീസ് അന്വേഷിച്ചത്. കുറവാളികളെ അന്വേഷിച്ച് കണ്ടെത്താത്തുകൊണ്ട് ക്രൈംബ്രാഞ്ചിനെ ഏല്പിച്ചു. ഫലത്തിൽ ഇന്ന് അന്വേഷണം നടക്കുന്നില്ലായെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. കുറവാളികളെ ഇതിനകം ലക്ഷക്കണക്കിന് രൂപ ചെലവാക്കിയതായി നാട്ടിൽ പരക്കെ സംസാരമുണ്ട്. ഈ കേസ് വളരെ ത്വരിതഗതിയിൽ അന്വേഷിച്ച് കുറവാളികളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നടപടി എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സംഭവത്തോടനുബന്ധിച്ച് ഒരു കാര്യംകൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംഭവത്തിൽ കൊല ചെയ്യപ്പെട്ട പയ്യൻ നിർഭാഗ്യവശാൽ ഈഴവ സമുദായത്തിൽപ്പെട്ട ആളാണ്. ഈഴവ സമുദായത്തിൽപ്പെട്ട ചില ആളുകൾ കൂട്ടം ചേർന്ന് ഹരിജനങ്ങളാണ് കൊലയാളികൾ എന്നു പറഞ്ഞുകൊണ്ട് നിരപരാധിയായ ഒരു ഹരിജൻ പയ്യനെ ഓടിച്ചിട്ടു പിടിച്ച് പട്ടിയെപ്പോലെ തല്ലുകയുണ്ടായി. എന്നിട്ടാണ് പോലീസിനെ ഏല്പിച്ചത്. മാത്രമല്ല പുതിയ കാവു ചന്തയിൽ പുല്ലുമായി വന്ന നിരപരാധികളായ ഹരിജൻ സ്ത്രീകളെയും അടിച്ചോടിക്കുകയും മർദ്ദിക്കുകയും ചെയ്കയുണ്ടായി. ഏതാനും ദിവസങ്ങൾ ഹരിജനങ്ങൾക്ക് ആർക്കുംതന്നെ പുതിയകാവ് ജംഗ്ഷനിലോ കിളിമാനൂർ ജംഗ്ഷനിലോ പണിക്കോ നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ വരുകയോ പോകാൻ നിവൃത്തിയില്ലാതെ തങ്ങളുടെ കൂരകളിൽ കഴിഞ്ഞുകൂടേണ്ടിവന്നു. എങ്കിലും നടക്കാത്ത ക്രൂരമായ ഈ സംഭവത്തെക്കുറിച്ച് ഒരു അന്വേഷണം നടത്തി കൊലപാതകികളെ കണ്ടുപിടിക്കാൻ എന്തുകൊണ്ട് അമാന്തം കാണിക്കുന്നു എന്ന് എനിക്കറിയില്ല. ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തണമെന്നും കുറവാളികളുടെ പേരിൽ കേസ് സെടുത്ത് കർശനമായി ശിക്ഷിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ബഹുമാനപ്പെട്ട മെമ്പർ തന്നെപറഞ്ഞതിൽ നിന്ന് അതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാം. അങ്ങനെയൊരു സംഭവമുണ്ടായി. വരാന്തയിൽ ഉറങ്ങിക്കിടന്ന സുദേവൻ എന്ന ചെറുപ്പക്കാരന്റെ മൃതദേഹം രാവിലെ കണ്ടു. അതിന്റെ അടുത്ത് ഒരു കല്ലുമുണ്ടായിരുന്നു. ലോക്കൽ പോലീസ് അന്വേഷിച്ചിട്ട് എങ്ങും എത്തിച്ചേരാൻ കഴിയാത്തതുകൊണ്ട് ക്രൈംബ്രാഞ്ചിനെ ഏല്പിച്ച് അന്വേഷണം നടത്തുകയാണ്. നിരുത്തരവാദപരമായിട്ടല്ല പോലീസ് പെരുമാറിയത്. പത്തിരുപത്തിയഞ്ചു ലക്ഷം രൂപ മുടക്കിയെന്ന് നാട്ടിൽ വർത്തമാനമുണ്ടെന്നേ പറഞ്ഞത് വളരെ ഖേദകരമായിപ്പോയി. കൊലയാളികൾ എന്നു പറഞ്ഞ് നാട്ടുകാർ രണ്ട് ആളുകളെ ഓടിച്ചിട്ട് പിടിച്ചു പോലീസിനെ ഏല്പിച്ചുവെന്ന് ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു. നാട്ടുകാർ പിടിക്കുന്നതെല്ലാം കൊലയാളികളാണെന്ന് പോലീസ് സമ്മതിക്കാറില്ല. അതുകൊണ്ടാണ് നാട്ടുകാർ ഓടിച്ചിട്ട് പിടിച്ച് തല്ലി, പോലീസിൽ ഏല്പിച്ചിട്ടുപോലും അന്വേഷണത്തിൽ അവർ കുറക്കാരാണെന്ന് തെളിവില്ലാത്തതുകൊണ്ടാണ് അവരെ വിട്ടിട്ടുള്ളത്. അവർക്കെതിരെ തെളിവുകളില്ലായിരുന്നു. അവർ ലക്ഷക്കണക്കിന് രൂപ മുടക്കിയെന്ന് പറയുന്നത് വിരോധാഭാസമാണ്. ദയവായി അങ്ങനെ പറയരുതെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly